**ആസ്ഥാനകാര്യാലയം,**

**ജയിൽ വകുപ്പ്, കേരളം**

**പൂജപ്പുര, തിരുവനന്തപുരം**

0471-2342532 keralaprisons@gov.in

**നടപടികൾ**

വിഷയം : ജയിലുകൾ – ആസ്ഥാന കാര്യാലയം – ജീവനക്കാര്യം – ശ്രീ. സൂര്യജിത്ത് എം.എസ്, വെൽഫെയർ ഓഫീസർ ഗ്രേഡ്-I, ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി – സ്പെഷ്യൽ ഓഫീസറായി ജയിലാസ്ഥാന കാര്യാലയത്തിൽ Other Duty വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : ഇല്ല

**ഉത്തരവ് നമ്പർ: KPCS/3802/2026-E1; തീയതി: 10-07-2026**

സംസ്ഥാനത്തെ സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ, വനിതാ ജയിലുകൾ, വനിതാ തുറന്ന ജയിൽ എന്നിവിടങ്ങളിലെ ജയിൽ ഉപദേശക സമിതികളുടെ പുനഃസംഘടന, ജയിൽ നിയമത്തിലെ ഭേദഗതികൾ, സ്പെഷ്യൽ റൂൾസ് പരിഷ്കരണം, വകുപ്പിൽ വിവിധ തസ്തികകൾ സൃഷ്ടിക്കൽ, വിസിറ്റേഴ്സ് ബോർഡിന്റെ രൂപീകരണം എന്നിവ ഉൾപ്പെടെയുള്ള വിഷയങ്ങൾ സമയബന്ധിതമായി സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും, അന്തിമതീരുമാനം വേഗത്തിൽ കൈവരിക്കുകയും ചെയ്യേണ്ട സാഹചര്യമുണ്ട്.

കൂടാതെ, വകുപ്പിന്റെ വിവിധ വികസന പദ്ധതികൾ, അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങളിൽ വിവിധ ഫണ്ടുകൾ ലഭ്യമാക്കൽ, സർക്കാരുമായി ബന്ധപ്പെട്ട ഫയൽ നടപടികൾ ത്വരിതപ്പെടുത്തൽ, വിവിധ സർക്കാർ വകുപ്പുകളുമായുള്ള ഏകോപനം ശക്തിപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവഹിക്കുന്നതിന് ആസ്ഥാന കാര്യാലയത്തിൽ പരിചയസമ്പന്നനായ ഒരു സീനിയർ ഉദ്യോഗസ്ഥന്റെ സേവനം അനിവാര്യമാണെന്ന് വിലയിരുത്തുന്നു.

മേൽ സാഹചര്യങ്ങൾ പരിഗണിച്ച്, ജയിൽ വകുപ്പും സർക്കാരും തമ്മിലുള്ള ഫയൽ നടപടികളുടെ ഏകോപനം, വിവിധ വകുപ്പുകളുമായുള്ള ആശയവിനിമയം കാര്യക്ഷമമാക്കൽ, വകുപ്പ് മേധാവി നിർദേശിക്കുന്ന വിവിധ വിഷയങ്ങളിൽ പ്രൊപ്പോസലുകളും കുറിപ്പുകളും തയ്യാറാക്കൽ, സർക്കാർതല നടപടികൾക്ക് ആവശ്യമായ തുടർനടപടികൾ ഏകോപിപ്പിക്കൽ എന്നിവ നിർവഹിക്കുന്നതിനായി **നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമിലെ വെൽഫെയർ ഓഫീസർ ഗ്രേഡ്-I, ശ്രീ. സൂര്യജിത്ത് എം. എസ്. നെ സ്പെഷ്യൽ**

**ഓഫീസർ** ആയി ജയിൽ ആസ്ഥാന കാര്യാലയത്തിൽ Other Duty **വ്യവസ്ഥയിൽ** നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് അടിയന്തിരമായി നടപ്പിൽ വരുത്തേണ്ടതാണ്.

S Sreejith IPS
DIRECTOR GENERAL

സ്വീകർത്താവ്: ശ്രീ. സൂര്യജിത്ത് എം. എസ്.
വെൽഫെയർ ഓഫീസർ ഗ്രേഡ്-I
ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി.

പകർപ്പ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്, ദക്ഷിണ മേഖല, മദ്ധ്യ മേഖല, ഉത്തര മേഖല

സൂപ്രണ്ട്, ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി.
ജയിൽ ആസ്ഥാന കാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും
ടെക്നിക്കൽ സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിന്)
ബന്ധപ്പെട്ട ഫയൽ

Digitally signed by
Dinesh Bhagavathi Pillai
Date: 10-07-2026
16:35:27